## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T1875 | 11.02.2020 - ൽ മറുപടിക്ക് |
|---|---|

## പട്ടാമ്പി മണ്ഡലത്തിൽ പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ. പി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല,ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശുപാർശയോടെ മന്ത്രിസഭക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ബി) | റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾക്ക് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള പുനർനിർമാണ വികസന പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP(റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം). ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ളതാണ് കേരള പുനർനിർമാണ വികസന പരിപാടി. |

**സെക്ഷൻ ഓഫീസർ**